II ഇ.ബി. XIV - കേരള നിയമസഭ/XVI-15

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 18, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

38 (*451) കെ-ഫോൺ പദ്ധതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റേയും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും സർക്കാരിന്റേയും പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ് ' എന്ന പേരിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സാമ്പത്തികമായി

പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും പ്രസ്തുത സേവനം ലഭ്യമാക്കുന്നതാണ്. കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 1061.73 കോടി രൂപ അനുവദിക്കുകയും സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്.ആർ.ഐ.റ്റി. എന്നീ കമ്പനികളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനവും 7 വർഷത്തെ പ്രവർത്തന പരിപാലനവും ഉൾപ്പെടെ 9 വർഷത്തേയ്ക്ക് 1531.68 കോടി രൂപയ്ക്കാണ് (നികുതികൾ പുറമെ) കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഈ സംവിധാനത്തിന്റെ ഭാഗമായി 14 ജില്ലകളിലും സ്ഥാപിക്കപ്പെടുന്ന കോർ പി.ഒ.പി.-കൾ 110, 220, 400 കെ.വി. വഴി സ്ഥാപിക്കുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ കോർ റിംഗ്‌വഴി ബന്ധിപ്പിക്കുകയും കെ.എസ്.ഇ.ബി.-യുടെ സബ് സ്റ്റേഷനുകളിലെ പ്രീഫാബ് ഷെൽറ്ററിനുള്ളിൽ ടെലികോം ഉപകരണങ്ങൾ സ്ഥാപിച്ച് നെറ്റ്‌വർക്കിംഗ് ഓപ്പറേറ്റിംഗ് സെന്ററിൽ മോണിറ്റർ ചെയ്യുന്നതുമാണ്. ആകെ 52000 കി.മീ. ഫൈബർ നെറ്റ്‌വർക്കാണ് സ്ഥാപിക്കുന്നതെന്നും കേബിൾ-ടെലികോം രംഗത്ത് പ്രവർത്തിക്കുന്ന

വിവിധ കമ്പനികൾക്ക് തുല്യ അവസരം നൽകാൻ ലക്ഷ്യമിടുന്ന പദ്ധതി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സ്റ്റാർട്ട് അപ്, സ്മാർട്ട് സിറ്റികൾ തുടങ്ങിയ മേഖലകളുടെയും സർക്കാർ സേവനങ്ങളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകരമാകുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. അവശ്യ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സൗകര്യം, ഗതാഗത മേഖലയിൽ വീഡിയോ ക്യാമറ ശൃംഖല എന്നിവയെല്ലാം പ്രസ്തുത പദ്ധതിയിലൂടെ സാധ്യമാകുന്നതാണെന്നും കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടും സാധ്യതാപഠനവും നടത്തിയ PWC എന്ന കൺസൾട്ടിംഗ് കമ്പനി പ്രവർത്തന ചെലവ് 7 വർഷത്തേയ്ക്ക് കണക്കാക്കുന്നതിനുപകരം ഒരു വർഷത്തേയ്ക്ക് കണക്കാക്കിയതിലുള്ള അപാകതയാണ് പദ്ധതി ചെലവ് കൂട്ടുന്നതിന് ഇടയാക്കിയതെന്നും പ്രസ്തുത അപാകത തിരുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

39 (*452 &*473) <u>വാളയാറിലെ പെൺകുട്ടികളുടെ ദുരൂഹ മരണം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, വാളയാറിലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട

കേസിലെ പ്രതികളെ വെറുതെവിട്ട കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കേസുമായി ബന്ധപ്പെട്ട് ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സസ്പെന്റ് ചെയ്യുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കേസ്സന്വേഷണത്തിന് മേൽനോട്ടം വഹിച്ചിരുന്ന ഡിവൈ.എസ്.പി.-യിൽനിന്നും വിശദീകരണം തേടുകയും വീഴ്ച വരുത്തിയതിന് ഉത്തരവാദിയായ വക്കീലിനെ പുറത്താക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും പോലീസിന്റെയോ പ്രോസിക്യൂഷന്റെയോ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ക്രമസമാധാന ചുമതലയുള്ള അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അലംഭാവം കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. പ്രതിക്കുവേണ്ടി കോടതിയിൽ ഹാജരായ പാലക്കാട് സി.ഡബ്ല്യു.സി. ചെയർമാനെ തൽസ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ടെന്നും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് രക്ഷിതാക്കൾ ഹൈക്കോടതിയെ സമീപിക്കുന്നപക്ഷം

സർക്കാർ അനുകൂല സമീപനം സ്വീകരിക്കുന്നതാണെന്നും കേസിന്റെ പ്രത്യേകത കണക്കിലെടുത്ത് അപ്പീൽ കേസ് നടത്തുന്നതിനായി പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ ചുമതലപ്പെടുത്തുകയും കേസ്സുകൾ വാദിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ കാര്യക്ഷമത വിലയിരുത്തി രണ്ടു മാസത്തിലൊരിക്കൽ റിപ്പോർട്ട് സമർപ്പിക്കാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു. പോക്സോ കേസ്സുകളുമായി ബന്ധപ്പെട്ട് ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇരകൾക്കൊപ്പമാണ് സർക്കാർ നിൽക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു. മരണപ്പെട്ട പെൺകുട്ടികളുടെ കുടുംബത്തിന് അനുവദിച്ച 10 ലക്ഷം രൂപയിൽ 7.5 ലക്ഷം രൂപയ്ക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ബാക്കി കാര്യങ്ങൾ പിന്നീട് തീരുമാനിക്കുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അറിയിച്ചു.

40 (*453) <u>പാസ്പോർട്ട് വെരിഫിക്കേഷന് സോഫ്റ്റ്‌വെയർ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പോലീസ് വകുപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് ബ്ലോക് ചെയിൻ സാങ്കേതിക വിദ്യ

അടിസ്ഥാനമാക്കി പാസ്പോർട്ട് വെരിഫിക്കേഷൻ/പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS) പ്രൊപ്പോസൽ സമർപ്പിച്ചതിനെത്തുടർന്ന് ഈ വിഷയത്തിൽ Proof of Concept (POC) ആപ്ലിക്കേഷൻ വികസിപ്പിക്കാൻ ടി സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആപ്പിന്റെ ഉപയോഗം പരിശോധിക്കുന്നതിനായി എ.ഡി.ജി.പി. (കോസ്റ്റൽ സെക്യൂരിറ്റി) ചെയർമാനായ ടെക്നിക്കൽ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. 18.01.2016-ൽ ഇറക്കിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി ഒഴിവാക്കിയതെന്നും അതീവ രഹസ്യ സ്വഭാവമുള്ള പോലീസിന്റെ വിവരസഞ്ചയം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടില്ലെന്നും ഇതുസംബന്ധിച്ച് POC-യ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ സർവ്വീസ് പ്രൊവൈഡറായി നിശ്ചയിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണെന്നും പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതിനാൽ അവർ തൽസ്ഥാനത്ത് തുടരുന്നതാണെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5379 മുതൽ 5748 വരെയുള്ള ചോദ്യങ്ങളിൽ 46 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)